__പ്രസിദ്ധീകരണത്തിന്__

തിരുവനന്തപുരം
12-02-2015

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ സ്ത്രീകൾക്ക് വിശ്രമമുറി : നടപടികൾ സ്വീകരിക്കും

- മന്ത്രി ആര്യാടൻ മുഹമ്മദ്

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഇരുപതിൽ കൂടുതൽ സ്ത്രീ ജീവനക്കാർ ജോലി ചെയ്യുന്ന ഓഫീസുകളിൽ വിശ്രമമുറി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് വൈദ്യുതി മന്ത്രി ആര്യാടൻ മുഹമ്മദ് പറഞ്ഞു. റിലയൻസിനേയും ടാറ്റായേയുംപോലുള്ള സ്വകാര്യ കമ്പനികളെ പിൻതള്ളിക്കൊണ്ടാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രവർത്തന മികവിന് കേന്ദ്ര ഗവൺമെന്റ് അവാർഡ് നൽകിയതെന്നും ഇതിന്റെ മുഴുവൻ ക്രെഡിറ്റും തൊഴിലാളികൾക്കാണെന്നും അദ്ദേഹം കൂട്ടി ചേർത്തു.

ഇന്ന് തിരുവനന്തപുരം വൈ.എം.സി.എ ഹാളിൽ നടന്ന കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റിയു.സി) വനിതാവേദി സംസ്ഥാന കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. യോഗത്തിൽ നേതാക്കളായ കെ.പി.ധനപാലൻ, ലതികാസുഭാഷ്, സിബിക്കുട്ടി ഫ്രാൻസിസ്, നുസുറ, പ്രമുള, എന്നിവർ സംസാരിച്ചു. "തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ" എന്ന വിഷയത്തിൽ ഡോ.ജാൻസി ജെയിംസ് (മുൻ വൈസ്ചാൻസിലർ, മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി & സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള) പ്രഭാഷണം നടത്തി.

വിശ്വാസപൂർവ്വം,

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി
കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ്
കോൺഫെഡറേഷൻ(ഐ.എൻ.റ്റിയു.സി)
മൊബൈൽ: 9447303578